**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2183** **30-09-2025 - ൽ മറുപടിയ്ക്ക്**

**തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിക്കായി ഈ സർക്കാരിന്റെ കാലയളവിൽ ഓരോ സാമ്പത്തിക വർഷവും വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും എത്രയാണെന്ന് വ്യക്തമാക്കാമോ; നടപ്പ് സാമ്പത്തിക വർഷം എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ; | (എ) | മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിക്കായി ഈ സർക്കാരിന്റെ കാലയളവിൽ 04.05.2020 ലെ ഉത്തരവ് പ്രകാരം 961.264 കോടി രൂപയും, 29.12.2020 ലെ ഉത്തരവ് പ്രകാരം 38.736 കോടി രൂപയും ചേർത്ത് ആകെ 1000 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് അനുവദിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. ആയതിൽ 8,18,24,08,925/- രൂപ (എണ്ണൂറ്റി പതിനെട്ട് കോടി ഇരുപത്തിനാല് ലക്ഷത്തി എണ്ണായിരത്തി തൊള്ളായിരത്തി ഇരുപത്തിയഞ്ച് രൂപ മാത്രം) തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് അനുവദിച്ചുനൽകുകയും, 8,17,89,44,020/- (എണ്ണൂറ്റി പതിനേഴ് കോടി എൺപത്തൊൻപത് ലക്ഷത്തി നാല്പത്തിനാലായിരത്തി ഇരുപത് രൂപ മാത്രം) ചീഫ് എഞ്ചിനീയറുടെ കാര്യാലയം മുഖേന ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.<br><br>2025-26 സാമ്പത്തിക വർഷത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ടി പദ്ധതിക്കായി ആകെ 5,17,63,553/- രൂപ ചീഫ് എഞ്ചിനീയർക്ക് അനുവദിച്ചുനല്കിയിട്ടുണ്ട്.<br><br>2024-25 സാമ്പത്തിക വർഷത്തെ ബജറ്റിൽ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിക്കായി 1000 കോടി രൂപ വകയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി 2.0 ൽ ഉൾപ്പെടുത്തി 93914.24 ലക്ഷം രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുകയും 5814.06 ലക്ഷം രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | തദ്ദേശ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള റോഡുകൾ പുനരുദ്ധരിക്കുമ്പോൾ മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി 2.0 എന്ന | (ബി) | സംസ്ഥാന സർക്കാർ നേരിട്ട് ഏറ്റെടുത്തു നടപ്പിലാക്കുന്ന പ്രവർത്തി എന്ന നിലക്കാണ് പദ്ധതിയുടെ പേര് മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് |

| | | | |
|---|---|---|---|
| | ബോർഡ് സ്ഥാപിക്കുവാൻ നിർദേശം നൽകിയതിന്റെ കാരണം വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതിയുടെ പേര് മേൽപ്പറഞ്ഞ രീതിയിൽ പരിഷ്കരിക്കുന്നത് അധികാര വികേന്ദ്രീകരണത്തിന് വിരുദ്ധമായ സമീപനമാണോ; അങ്ങനെയെങ്കിൽ പ്രസ്തുത നിർദേശം പിൻവലിക്കുവാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ? | | പുനരുദ്ധാരണ പദ്ധതി 2.0 (CMLRRP -2.0) എന്ന് പുനർനാമകരണം ചെയ്തിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി പ്രദേശങ്ങളിൽ മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി 2.0 ബോർഡ് സ്ഥാപിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ